നമ്പർ ജി5- 29315/2013

ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി : 30-12-2013

സർക്കുലർ - 12/2013

വിഷയം:- ജയിലുകൾ - ജയിലുകളിൽ ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കുന്നത്- സംബന്ധിച്ച്

സൂചന:- 13-12-2013 തീയതിയിൽ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിന്റെ ചേമ്പറിൽ ചേർന്ന യോഗത്തിലെ തീരുമാനം.

ജയിൽ ഉദ്യോഗസ്ഥർ ജയിലിനുള്ളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് സംബന്ധിച്ച് ഡി.ജി..പി ക്യാമ്പ് 11/2004 തീയതി 09-11-2004 നമ്പറിൽ നൽകിയ സർക്കുലറിലെ നിർദ്ദേശങ്ങൾ ജയിൽ ഉദ്യോഗസ്ഥർ പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ ജയിലിനുള്ളിൽ ഇനിമുതൽ ഉദ്യോഗസ്ഥർ മൊബൈൽ ഫോൺ കൊണ്ടുപോകുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. എന്നാൽ പ്രധാന ജയിലുകളിൽ ജയിലർക്കും അതിനുമുകളിലുള്ള ഉദ്യോഗസ്ഥർക്കും കൂടാതെ മറ്റു ജയിലുകളിലെ സൂപ്രണ്ടുമാർക്കും ജയിലിനുള്ളിൽ മൊബൈൽ ഫോൺ കൊണ്ടുപോകാവുന്നതാണ്. മറ്റുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ മൊബൈൽ ഫോണുകൾ ജയിലിനുള്ളിൽ ജോലി ചെയ്യുന്ന സമയത്ത് സൂപ്രണ്ട് നിർദ്ദേശിക്കുന്ന വിധം ഓഫീസിൽ സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ജയിൽ സൂപ്രണ്ടുമാർ ടി നിർദ്ദേശം കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ് ന് വേണ്ടി

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

റ്റി.എസ്